I ഇ.ബി. XV - കേരള നിയമസഭ/VIII-11

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 മാർച്ച് 1, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനാന്തര വിതരണത്തിലൂടെ ലഭിക്കുന്ന സംയോജിത ചരക്ക് സേവന നികുതി (ഐ.ജി.എസ്.ടി.) ഇനത്തിൽ സംസ്ഥാനത്തിന് അർഹമായ നികുതി ലഭ്യമാക്കാത്തതും നികുതി ചോർച്ച സംബന്ധിച്ചുമാണ് റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. ഈ വിഷയം സഭയുടെ നടപ്പുസമ്മേളനത്തിൽ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ചയിൽ വിശദമായി ചർച്ച ചെയ്തിരുന്നതിനാലും അടുത്ത കാലത്തുണ്ടായ പ്രത്യേക സംഗതി അല്ലാത്തതിനാലും അനുമതി നിഷേധിക്കുന്നു. ബഹുമാനപ്പെട്ട അംഗത്തിന് ഈ വിഷയം സബ്മിഷനായി

ഉന്നയിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനത്തിന് 25000 കോടി രൂപ ഐ.ജി.എസ്.ടി. ഇനത്തിൽ നഷ്ടപ്പെട്ട ഗുരുതരമായ വിഷയം സംബന്ധിച്ചാണ് നോട്ടീസ് നൽകിയിരുന്നത്. ബഡ്ജറ്റ് വേളയിൽ ഇതുസംബന്ധിച്ച വിവരങ്ങൾ പുറത്തുവരികയോ എക്സ്പെൻഡിച്ചർ കമ്മിറ്റി റിപ്പോർട്ട് വയ്ക്കുകയോ ചെയ്തിട്ടില്ല.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും തുടർന്ന് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

## II. ശ്രദ്ധ ക്ഷണിക്കൽ

### (1) ഭൂമി തരം മാറ്റൽ

ശ്രീമതി കാനത്തിൽ ജമീല: ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കാത്തതുമൂലം ലൈഫ് മിഷൻ പദ്ധതിയിൽ അനുവദിച്ച വീടിന്റെ നിർമ്മാണവും പുതുക്കിപ്പണിയലും സാധ്യമാകാത്ത സ്ഥിതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിന്മേൽ ലൈഫ് മിഷൻ ഭവന പദ്ധതിയിലൂൾപ്പെടെ മുൻഗണന നൽകേണ്ട ആവശ്യങ്ങൾക്ക് തരംമാറ്റ അപേക്ഷ സമർപ്പിച്ചാൽ റവന്യൂ ഡിവിഷണൽ ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരടങ്ങുന്ന സമിതി ആഴ്ചയിലൊരിക്കൽ മീറ്റിംഗ് കൂടി രേഖകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവറിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമി തരംമാറ്റുന്നതിനായി ഓഫ്‌ലൈൻ മുഖേന ലഭിച്ച അപേക്ഷകളിൽ 94.71 ശതമാനവും തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതിയിൽ വീട് അനുവദിച്ച കേസ്സുകൾക്ക് മുൻഗണനാക്രമം നൽകി അപേക്ഷകൾ തീർപ്പാക്കുന്ന വിഷയത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിച്ചുവരികയാണ്. സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവർ കൃത്യമായി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുന്നതാണ്.

(2) അദ്ധ്യാപകരുടെ നിയമനാംഗീകാരം

ശ്രീ. പി. ഉബൈദുള്ള: പൊതുവിദ്യാഭ്യാസ മേഖലയിലെ തസ്തിക

നിർണ്ണയവുമായി ബന്ധപ്പെട്ട വകുപ്പുതല നടപടികൾ പൂർത്തിയായ സാഹചര്യത്തിൽ സർക്കാർ /എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് നിയമനാംഗീകാരം നൽകി ശമ്പളമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനും കുട്ടികളുടെ എണ്ണത്തിനും ഡിവിഷനും ആനുപാതികമായി അദ്ധ്യാപകരെ നിയമിക്കുന്നതിനും ഉച്ചഭക്ഷണ പദ്ധതിക്കാവശ്യമായ തുക കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും ഭിന്നശേഷി സംവരണത്തിലെ അവ്യക്തത നീക്കി നിയമനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കേരള വിദ്യാഭ്യാസ ചട്ടത്തിന്റെയും സർക്കാർ-കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനം നടത്തിവരുന്നത്. 2019-20 വർഷത്തെ തസ്തിക നിർണ്ണയം 2020-22 അദ്ധ്യയന വർഷങ്ങളിലും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും 2020-21 അദ്ധ്യയന വർഷം പുതിയ നിയമനങ്ങൾ നടന്നിരുന്നില്ല. 2021-22 അദ്ധ്യയന വർഷം നിലവിലുള്ള

ഒഴിവുകളിൽ നിയമനം നടത്തുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 18-11-2018-നുശേഷം സംജാതമായ ഒഴിവുകളിൽ നിയമിതരായ നിലവിൽ അംഗീകരിക്കപ്പെടാതെ തുടരുന്നവരുടെ നിയമനം കോടതിവിധി അനുസരിച്ച് ഭിന്നശേഷി വിഭാഗങ്ങളുടെ നിയമനം നടക്കുന്നമുറയ്ക്കുമാത്രമേ അംഗീകരിക്കാൻ സാധിക്കുകയുള്ളൂ. കോടതി നിർദ്ദേശങ്ങളുടെയും മറ്റ് സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനും നിയമനാംഗീകാരം നൽകുന്നതിനുമുള്ള സത്വരനടപടി സ്വീകരിച്ചുവരികയാണ്. അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ ദിവസ വേതാനടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

## III. സബ്മിഷൻ

### (1) പാലക്കാട്-കോഴിക്കോട് ദേശീയപാതയ്ക്കുവേണ്ടി സ്ഥലം നൽകിയവർക്കുള്ള നഷ്ടപരിഹാരം

ശ്രീ. പി. ടി. എ. റഹീം: പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ദേശീയപാതയ്ക്കുവേണ്ടി സ്ഥലം നൽകിയവരുടെ പുനരധിവാസം ഉറപ്പാക്കി നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയ്ക്കായി ഏറ്റെടുക്കുന്ന 545.527 ഹെക്ടർ

ഭൂമിക്ക് നഷ്ടപരിഹാരം നൽകുകയും താമസക്കാരെ പുനരധിവസിപ്പിക്കുകയും ചെയ്യുന്നതാണ്. ഏറ്റെടുക്കുന്ന ഭൂമിയിലെ എല്ലാവിധ നിർമ്മിതികൾക്കും പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നഷ്ടപരിഹാരം അനുവദിക്കുന്നതാണ്. കെട്ടിടങ്ങൾ വാടകയ്ക്കെടുത്ത് ഫർണിഷിംഗ് നടത്തി കച്ചവടം ചെയ്യുന്നവർക്ക് പുനഃസ്ഥാപനത്തിനുള്ള ഒറ്റത്തവണ അലവൻസായി 25,000 രൂപയും സാമ്പത്തിക സഹായമായി 50,000 രൂപയും നൽകുന്നതിനുമാത്രമേ എൻ.എച്ച്. മാന്വൽപ്രകാരം വ്യവസ്ഥയുള്ളൂ. ലക്ഷം വീട് കോളനിയിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കി നിലവിലെ പുനരധിവാസ പാക്കേജ് പ്രകാരമുള്ള നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്. ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനത്തിലുൾപ്പെട്ടവർക്ക് പട്ടയങ്ങൾ അനുവദിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത സർവ്വേ നമ്പരിലുൾപ്പെട്ട നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരംമാറ്റ അപേക്ഷകൾ മുൻഗണന നൽകി തീർപ്പാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) ഒഴിഞ്ഞുകിടക്കുന്ന വീടുകൾക്ക് പ്രത്യേക നികുതി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഒഴിഞ്ഞതും പൂട്ടിക്കിടക്കുന്നതുമായ വീടുകൾക്ക് നികുതി ചുമത്താനെടുത്ത തീരുമാനം പിൻവലിക്കാനാവശ്യമായ

നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഒഴിഞ്ഞതും പൂട്ടിക്കിടക്കുന്നതുമായ വീടുകൾക്ക് നികുതി ഈടാക്കണമെന്ന നിർദ്ദേശം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചുവെങ്കിലും ഇപ്പോൾ നികുതി ഈടാക്കാൻ ഉദ്ദേശിക്കുന്നില്ല.

(3) വിശാല കൊച്ചി വികസന അതോറിറ്റി ജീവനക്കാർക്ക് മെഡിസെപ് ആനുകൂല്യം

ശ്രീ. കെ. ജെ. മാക്സി: വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാരെയും പെൻഷൻകാരെയും മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): മെഡിസെപ് പദ്ധതി ആരംഭിച്ച കാലയളവിൽ ഇതിൽ ഉൾപ്പെടുത്താത്ത വിശാല കൊച്ചി വികസന അതോറിറ്റി ജീവനക്കാരെയും പെൻഷൻകാരെയും ഇപ്പോൾ ഉൾപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. സർക്കാർ അഡ്വാൻസായി ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്ന പ്രീമിയം തുക നിലവിൽ പദ്ധതിയിൽ അംഗങ്ങളായവരുടെ പ്രതിമാസ ശമ്പളത്തിൽനിന്നും പെൻഷനിൽനിന്നും യഥാക്രമം ഈടാക്കിവരുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ കമ്പനി, ബോർഡ്, കോർപ്പറേഷൻ - സ്വയംഭരണ

സ്ഥാപനങ്ങളിലെയും വിശാല കൊച്ചി വികസന അതോറിറ്റിയിലെയും മറ്റ് സംഘടിത മേഖലയിലെയും ജീവനക്കാർ, പെൻഷൻകാർ എന്നിവരുടെ പക്കൽനിന്നും പ്രീമിയം ഈടാക്കുന്നതിനുള്ള പ്രായോഗികത പരിശോധിച്ച് പദ്ധതിയുടെ അടുത്ത ഘട്ടം ആരംഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(4) വാണിയമ്പലം ടൗൺ സ്ക്വയറിന്റെ പ്രവർത്തനം

ശ്രീ. എ. പി. അനിൽകുമാർ: മലപ്പുറം നിയോജകമണ്ഡലത്തിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാണിയമ്പലം ടൗൺ സ്ക്വയർ തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വണ്ടൂർ ഗ്രാമപഞ്ചായത്തിൽനിന്നും കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലാത്തതിനാലും ഇതുവരെ കെട്ടിടം ഡി.റ്റി.പി.സി.-ക്ക് കൈമാറി ലഭിക്കാത്തതിനാലും പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ജില്ലാ വികസന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. യോഗതീരുമാനം ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) ഐരവൺ പാലം നിർമ്മാണം

ശ്രീ. കെ. യു. ജനീഷ് കുമാർ: കോന്നി നിയോജകമണ്ഡലത്തിലെ

അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ ഐരവൺ പാലം അടിയന്തരമായി നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): 6-2-2021-ൽ തദ്ദേശസ്വയംഭരണ വകുപ്പ്, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി 12.25 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പാലത്തിന്റെ നിർമ്മാണ ചുമതല പി.ഡബ്ല്യു.ഡി. (പാലം) വിഭാഗത്തിന് കൈമാറുകയും മണ്ണ് പരിശോധന പൂർത്തിയാക്കി അന്തിമ രൂപകൽപ്പന തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് കൈകാര്യം ചെയ്യുന്ന ശീർഷകത്തിൽ ഭരണാനുമതി ലഭിച്ചതിനാൽ ശീർഷകം ക്രോസ് മാപ്പ് ചെയ്ത് ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (6) പേരാവൂരിലെ റോഡുകളുടെ നവീകരണം

ശ്രീ. സണ്ണി ജോസഫ്: പേരാവൂർ നിയോജകമണ്ഡലത്തിലെ റോഡുകൾ ആധുനിക രീതിയിൽ നവീകരിക്കാനും മെയിന്റനൻസിനാവശ്യമായ തുക അനുവദിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പേരാവൂർ നിയോജകമണ്ഡലത്തിലെ 50 ശതമാനത്തിലധികം റോഡുകളും ബി.എം. & ബി.സി. നിലവാരത്തിലുള്ളതാണ്. 160 കി.മീറ്റർ റോഡാണ് ഇനി ബി.എം.& ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ളത്. നിലവിൽ 5 കി.മീറ്ററോളം ബി.എം. & ബി.സി. പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. രണ്ടര കി.മീറ്റർ റോഡുകൂടി നവീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടി മണ്ഡലത്തിലെ കെ.എസ്.ടി.പി. റോഡുകളുടെ പ്രവൃത്തി വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നതും മൂന്ന് കിഫ്ബി പദ്ധതികൾക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതുമാണ്.

(7) വില്ലേജ് ആഫീസർമാർ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ

ശ്രീ. എം. നൗഷാദ്: വില്ലേജ് ആഫീസർമാർ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ പദ്ധതിനിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ പുതിയ ഉത്തരവുപ്രകാരം ഒഴിവാക്കുന്നതിനോ ടി സർട്ടിഫിക്കറ്റുകൾ വില്ലേജാഫീസർ മുഖേന തന്നെ ലഭ്യമാക്കുന്നതിനോ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർക്കാർ സേവനങ്ങൾക്ക് ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ

സാക്ഷ്യപ്പെടുത്തലുകളും കഴിയുന്നത്ര സർട്ടിഫിക്കറ്റുകളും ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കാനുമാണ് സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. അപേക്ഷകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിലുള്ള പരിജ്ഞാനക്കുറവ് കാരണം റവന്യൂ വകുപ്പ് അനുവദിക്കുന്ന സാക്ഷ്യപത്രങ്ങൾ തന്നെ അപേക്ഷകരോട് ആവശ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരമായി സമർപ്പിക്കാവുന്ന രേഖകൾ, സത്യപ്രസ്താവന എന്നിവ അംഗീകരിക്കാവുന്നതാണെന്ന തരത്തിൽ സേവനദാതാക്കളായ വകുപ്പുകളുടെ നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയിൽ ആവശ്യമായ ഭേദഗതി വരുത്തുകയോ പുതിയ ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്താൽ മാത്രമേ പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണവകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ടി വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നൽകാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (8) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് ടിക്കറ്റ് ഇളവ്

ശ്രീ. എ. കെ. എം. അഷ്റഫ്: അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് 1500 രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് പാസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അന്തർ-സംസ്ഥാന റൂട്ടുകളിൽ കൺസഷൻ സൗകര്യം നിലവിൽ അനുവദിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള സമയക്രമം ലംഘിച്ച് കർണ്ണാടക ബസ്സുകൾക്ക് പ്രസ്തുത റൂട്ടിൽ കൂടുതൽ സർവ്വീസുകൾ നടത്താൻ അനുവദിക്കുന്നത് അന്തർ സംസ്ഥാന ഗതാഗത വ്യവസ്ഥകളുടെ ലംഘനവും വരുമാനനഷ്ടത്തിന് ഇടയാക്കുന്നതുമാണ്. ടി വിഷയത്തിൽ ശാശ്വതപരിഹാരം കാണുന്നതിനായി കാസർഗോഡ്-മംഗലാപുരം റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ അടുത്ത അദ്ധ്യയനവർഷം മുതൽ കൺസഷൻ അടിസ്ഥാനത്തിൽ സീസൺ ടിക്കറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നതാണ്.

## (9) നൂറനാട് ലെപ്രസി സാനിറ്റോറിയം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ

ശ്രീ. എം. എസ്. അരുൺകുമാർ: മാവേലിക്കര നിയോജകമണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കുന്നതിന് അടിയന്തര നടപടി

സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): നൂറനാട് ലെപ്രസി ആശുപത്രിയിൽ 7 ഡോക്ടർമാരുൾപ്പെടെ 203 സ്ഥിരം ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി 40.30 കോടി രൂപയുടെ പ്രൊപ്പോസലിന്മേൽ ആദ്യഘട്ടത്തിൽ 23.53 കോടി രൂപ നബാർഡ് ഫണ്ടിലുൾപ്പെടുത്തി മെയിൽ, ഫീമെയിൽ വാർഡ്, ഓക്സിജൻ പ്ലാന്റ്, സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ആശുപത്രിയുടെ പ്രാധാന്യം കണക്കിലെടുത്ത് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനുള്ള നടപടി പരിഗണനയിലാണ്.

(10) പട്ടാമ്പി താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. മുഹമ്മദ് മുഹസിൻ: പട്ടാമ്പി താലൂക്കാശുപത്രിയുടെ സമഗ്ര വികസനം സാധ്യമാക്കാനും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പട്ടാമ്പി താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കിഫ്ബിയിൽനിന്നും പണം അനുവദിച്ചെങ്കിലും റെയിൽവേയിൽനിന്നും എൻ.ഒ.സി. ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ആരോഗ്യവകുപ്പിന്റെ ടെക്നിക്കൽ കമ്മിറ്റി സ്ഥലപരിശോധന നടത്തി ടി സ്ഥലത്ത് എൻ.ഒ.സി. ആവശ്യമില്ലാത്ത രീതിയിൽ നിർമ്മാണ പ്രവർത്തനം നടത്താൻ സാധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആശുപത്രിയുടെ ചികിത്സാ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് മുഖാന്തരം 100 കെ.വി. ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഡിജിറ്റൽ എക്സ്റേ യൂണിറ്റ് കൊപ്പം സി.എച്ച്.സി.-ക്ക് നൽകാൻ നിർദ്ദേശം നൽകുന്നതാണ്. ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആശുപത്രിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള സജീവമായ ഇടപെടലാണ് നടത്തുന്നത്.

## IV. പ്രത്യേക അനുമതി

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

15-ാം കേരളനിയമസഭയുടെ എട്ടാം സമ്മേളന കാലയളവിൽ

ശ്രീ. ഉമ്മൻ ചാണ്ടിക്ക് 2023 ജനവരി 23 മുതൽ മാർച്ച് 30 വരെ സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കാൻ അനുവാദം ചോദിച്ചുകൊണ്ടുള്ള അപേക്ഷ ബഹുമാനപ്പെട്ട സ്പീക്കർ വായിക്കുകയും സഭ അനുവാദം നൽകുകയും ചെയ്തു.

## V. ധനകാര്യം

### 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്
(4811,69,86,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ
(190,05,37,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും
(620,50,89,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താവിതരണവും പ്രചരണവും
(108,87,93,000 രൂപ)

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. എ. സി. മൊയ്തീൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആഭ്യന്തര വകുപ്പിന്റെയും പോലീസ് സേനയുടെയും കാര്യക്ഷമമായ പ്രവർത്തനംകൊണ്ടാണ് സംസ്ഥാനത്ത് ഭദ്രമായ ക്രമസമാധാനനില സൃഷ്ടിക്കാൻ സാധിക്കുന്നത്. ദേശീയ-അന്തർദേശീയതലത്തിൽ പുരസ്കാരങ്ങൾ നേടാനായതും കുറ്റകൃത്യങ്ങളുടെ നിരക്ക് കുറയ്ക്കാൻ സാധിച്ചതും വനിതാ പങ്കാളിത്തം വർദ്ധിപ്പിക്കാനായതും സേനയെ ആധുനികവൽക്കരിക്കാനായതും സർക്കാരിന്റെ മികവുകൊണ്ടാണ്. സ്ത്രീ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി നിരവധി പദ്ധതികൾ ആരംഭിക്കാനായത് മാതൃകാപരമാണ്. കേസ് തെളിയിക്കാനുള്ള മികവ് പുലർത്തുന്നതിൽ

ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ സാധിച്ചതും സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്താൻ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താനായതും നേട്ടങ്ങളാണ്. പ്രളയകാലത്തും കോവിഡ് മഹാമാരിയിലും പോലീസ് സേനയുടെ ജനകീയ പ്രവർത്തനങ്ങൾ അഭിമാനാർഹമാണ്. ലഹരി മാഫിയയുൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യാൻ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസ് സേനയിൽ 150-ഓളം കായിക താരങ്ങൾക്ക് നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ട്. മലബാർ പോലീസ് അക്കാഡമിയിൽ ഫുട്ബോൾ ടീം അക്കാഡമി ആരംഭിക്കാനും സ്റ്റുഡന്റ് പോലീസ് കേഡറ്റിൽ നിരവധി കുട്ടികളെ ഉൾപ്പെടുത്താനും സാധിച്ചു. പുതിയ പോലീസ് സ്റ്റേഷനുകൾ, ആധുനിക വാഹനങ്ങളും സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തൽ, ജയിലുകൾ ആധുനികവൽക്കരിക്കൽ തുടങ്ങിയ ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനങ്ങൾ സംസ്ഥാന പോലീസിനെ രാജ്യത്തെ മികച്ച പോലീസ് സേനയാക്കി മാറ്റുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിക്കുന്നുണ്ടെങ്കിലും അതിനനുസരിച്ച് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നില്ലെന്നത് അപമാനകരമാണ്. കൈക്കൂലി വാങ്ങുന്നതും അഴിമതി നടത്തുന്നതും ഗുണ്ടാസംഘങ്ങളുമായി

ബന്ധമുള്ളതുമായ പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കാത്തത് അപലപനീയമാണ്. ലഹരിക്കടത്ത്, സ്വർണ്ണക്കടത്ത്, ഗുണ്ടാ അക്രമങ്ങൾ, സ്ത്രീ പീഡന കേസ്സുകൾ എന്നിവ തടയുന്ന കാര്യത്തിൽ പോലീസ് സംവിധാനം പരാജയപ്പെട്ടിരിക്കുന്നു. കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് (ഗുണ്ടാ ആക്ട്) കാലോചിതമായി പരിഷ്കരിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് വകുപ്പിന്റെ ആധുനികവത്കരണത്തിനായി ബഡ്ജറ്റിൽ 152.90 കോടി രൂപ നീക്കിവച്ചത് സ്വാഗതാർഹമാണ്. സംസ്ഥാനത്ത് മികച്ച പോലീസ് സംവിധാനം വാർത്തെടുക്കുന്നതിനും കുറ്റകൃത്യങ്ങളിലേർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മികച്ച പ്രവർത്തനത്തിന് നിരവധി ദേശീയ പുരസ്കാരങ്ങൾ കേരള പോലീസിന് ലഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പോലീസ് സേനയിലെ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും അവർക്കായി പുതിയ പോലീസ് സ്റ്റേഷനുകളുൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടിയെ അഭിനന്ദിക്കുന്നു. ജയിൽ സംവിധാനം

പരിഷ്കരിക്കുന്നതിനും വാർത്താവിനിമയ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തലസ്ഥാന നഗരിയിലെ ഗുണ്ടാവിളയാട്ടം അവസാനിപ്പിക്കുന്നതിനും സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പോലീസ് സേനയിലെ ക്രിമിനൽവത്ക്കരണവും വർഗ്ഗീയവത്ക്കരണവും അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാന പോലീസ് സേന പക്ഷപാതപരമായാണ് പ്രവർത്തിക്കുന്നത്. കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ഐക്കരപ്പടിയിൽ ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനും കരിപ്പൂർ പോലീസ് സ്റ്റേഷൻ നവീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. ജോയി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി ക്രമസമാധാനപാലനത്തിലും കുറ്റാന്വേഷണത്തിലും മാതൃകാപരമായ പ്രവർത്തനങ്ങളാണ് സംസ്ഥാന പോലീസ് സേന നടത്തുന്നത്. വർഗ്ഗീയകലാപങ്ങളില്ലാത്ത നാടാക്കി കേരളത്തെ മാറ്റാൻ കേരള പോലീസിന് കഴിഞ്ഞുവെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. കേസന്വേഷണത്തിൽ മാതൃകാപരമായ

പ്രവർത്തനമാണ് പോലീസ് സേന കാഴ്ചവയ്ക്കുന്നത്. അകാലത്തിൽ മരണമടയുന്ന പോലീസുകാരുടെ കുടുംബത്തെ സംരക്ഷിക്കേണ്ട ബാധ്യത പോലീസ് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആലോചിക്കണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് എന്ന വാക്കിന്റെ നിർവ്വചനത്തോട് താദാത്മ്യം പ്രാപിച്ച് പ്രവർത്തിക്കുന്ന പോലീസായി കേരള പോലീസ് മാറിയിരിക്കുന്നു എന്നത് അഭിനന്ദനാർഹമാണ്. കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന മികച്ച സേനയായി സംസ്ഥാന പോലീസ് സേന മാറിയിരിക്കുകയാണ്. പൂഞ്ഞാറിലെ പോലീസ് ഔട്ട്പോസ്റ്റ് പോലീസ് സ്റ്റേഷനാക്കി ഉയർത്തുന്നതിനും കോരുത്തോട് കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷനും ഈരാറ്റുപേട്ടയിൽ സിവിൽ സ്റ്റേഷനും ആരംഭിക്കുന്നതിനും അഭിഭാഷക ക്ഷേമനിധിയുടെ പരിധി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ തയ്യാറാകണം. സൈബർ കുറ്റകൃത്യങ്ങളും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും മോഷണമുൾപ്പെടെയുള്ള കേസ്സുകളും വർദ്ധിക്കുന്നത്

പോലീസ് സേനയുടെ കെടുകാര്യസ്ഥത വ്യക്തമാക്കുന്നതാണ്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയുടെ പ്രവർത്തനങ്ങളെ ഇകഴ്ത്തിക്കാണിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കി മാറ്റിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം വ്യാപിപ്പിക്കാനായതും മികച്ച ക്രമസമാധാനമുള്ള സംസ്ഥാനമായി കേരളത്തെ മാറ്റാൻ കഴിഞ്ഞതും അഭിമാനാർഹമാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ത്യയിൽ അഴിമതി കുറഞ്ഞതും വർഗ്ഗീയ സംഘർഷങ്ങളില്ലാത്തതും മികച്ച ക്രമസമാധാനമുള്ളതുമായ സംസ്ഥാനമായി മാറാൻ കഴിഞ്ഞതും കേരളാ പോലീസിന്റെ സോഷ്യൽ മീഡിയ സെൽ, സൈബർ ഡോം എന്നിവയ്ക്ക് ദേശീയ ഇ-ഗവേണൻസ് അവാർഡുൾപ്പെടെ നേടാനായതും പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് മികച്ച പോലീസെന്ന കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരം നേടാനായതും പോലീസ് സേനയുടെ പ്രവർത്തന മികവ് വ്യക്തമാക്കുന്നതാണ്. സ്ത്രീസുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള അപരാജിത, പിങ്ക് പോലീസ്

തുടങ്ങിയ പദ്ധതികൾ ദേശീയശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. വനിതാ പോലീസ് സ്റ്റേഷനുകൾ, വനിത സെൽ, വനിത ബറ്റാലിയനുകൾ എന്നിവയുടെ പ്രവർത്തനം മാതൃകാപരമാണ്. കുറ്റാന്വേഷണ മികവുകൊണ്ടും ഗുണ്ടായിസം അടിച്ചമർത്തുന്നതിലും പോലീസ് സേന മുൻപന്തിയിലാണ്. കുറ്റവാളികളിൽ മാനസിക പരിവർത്തനം വരുത്തത്തക്കവിധത്തിൽ മാനുഷിക പരിഗണന നൽകിക്കൊണ്ട് സംസ്ഥാനത്തെ ജയിലുകളെ നവീകരിക്കുന്നതിനും ജയിലുകളിലെ അന്തേവാസികളെ തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റുന്നതിനുമുതകുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. പോലീസ് സേനയിലുൾപ്പെടെ രണ്ടുലക്ഷത്തിലധികം നിയമനങ്ങൾ നടത്തിക്കൊണ്ട് എല്ലാ വിഭാഗങ്ങളെയും ചേർത്തുപിടിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിവിധ മേഖലകളിൽ സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കുകയും നിലനിർത്തുകയും ചെയ്യുന്ന സർക്കാരാണിത്. കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളെക്കുറിച്ചുള്ള ഇൻഡെക്സുകളിൽ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി സമസ്ത മേഖലകളിലും കേരളം രാജ്യത്തിന് മാതൃകയാണ്. ഗാർഹിക-വാണിജ്യ പാചകവാതക സിലിണ്ടറുകളുടെ വില വർദ്ധിപ്പിച്ച കേന്ദ്ര

സർക്കാരിനെതിരെ പ്രതിഷേധിക്കാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിന് പെട്രോൾ, ഡീസൽ വിലയിൽ സെസ് ഏർപ്പെടുത്തിയതിനെതിരെ പ്രതിപക്ഷം സമരം നടത്തുന്നത് അപലപനീയമാണ്. കുട്ടനാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

ശ്രീ. ടി. ഐ. മധുസൂദനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഭ്യന്തര വകുപ്പിനെതിരെ വസ്തുനിഷ്ഠപരമായി കാര്യങ്ങൾ അവതരിപ്പിക്കാൻ പ്രതിപക്ഷത്തിന് സാധിച്ചിട്ടില്ല. പോലീസ് സ്റ്റേഷനുകളെ സി.സി.ടി.വി. ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യയുപയോഗിച്ച് ആധുനികവത്കരിക്കാനുള്ള തീരുമാനവും സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം ഏർപ്പെടുത്തിയതും മയക്കുമരുന്നിനെതിരെ ജനങ്ങളെ അണിനിരത്തിക്കൊണ്ട് ആഭ്യന്തരവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളും അഭിമാനാർഹമാണ്. കേസുകൾ തെളിയിക്കുന്നതിലും ക്രമസമാധാന പരിപാലനത്തിലും കേരള പോലീസ് ഒന്നാം സ്ഥാനത്താണ്. വർഗ്ഗീയ സംഘർഷങ്ങൾ ഒഴിവാക്കിയും അഴിമതി വിരുദ്ധവും കാര്യക്ഷമവുമായ സേവനം കാഴ്ചവച്ചുമാണ് ദേശീയ അന്തർദേശീയ തലങ്ങളിൽ പുരസ്കാരങ്ങൾ നേടാനായത്. കുറ്റകൃത്യങ്ങളിലേർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ

കർശനനടപടി സ്വീകരിച്ചും ജയിൽ സംവിധാനങ്ങൾ പരിഷ്കരിച്ചും മാതൃകാപരമായ പ്രവർത്തനങ്ങളാണ് ആഭ്യന്തര വകുപ്പ് കാഴ്ചവയ്ക്കുന്നത്. പോലീസ് സേനയുടെയും ആഭ്യന്തര വകുപ്പിന്റെയും മാതൃകാപരമായ പ്രവർത്തനങ്ങളെ വിമർശിക്കുന്ന പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയ്ക്ക് ലഭിച്ച ദേശീയ-അന്തർദേശീയ പുരസ്കാരങ്ങൾ ഈ സർക്കാരിനുള്ള അംഗീകാരമാണ്. ഗുണ്ടകളെ അടിച്ചമർത്തിക്കൊണ്ടും നിക്ഷേപ/ജോലി തട്ടിപ്പുകൾ തെളിയിച്ചുകൊണ്ടും കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ടും പോലീസ് സേന മികച്ച പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്. സർക്കാർ ഓഫീസുകളിലടക്കം മിന്നൽ പരിശോധന നടത്താനും വിജിലൻസ് അന്വേഷണങ്ങളും രഹസ്യാന്വേഷണ പരിശോധനകളും കാര്യക്ഷമമായി നടത്താനും ആഭ്യന്തര വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഉദ്യോഗസ്ഥർക്ക് സ്വതന്ത്രമായും നിഷ്പക്ഷമായും പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യമല്ല സംസ്ഥാനത്തുള്ളത്. പോലീസ് സേനയിലെ ക്രിമിനലുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുകയും അഴിമതിക്കാരായ

ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാതെ പ്രധാന പദവികൾ നൽകുകയുമാണ് സർക്കാർ ചെയ്യുന്നത്. ജയിലുകളിൽപ്പോലും ലഹരി മാഫിയാ സംഘങ്ങൾ പിടിമുറുക്കിയിരിക്കുന്ന സാഹചര്യമാണുള്ളത്.

ശ്രീമതി സി. കെ. ആശ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസിനെ ജനകീയ സ്വഭാവമുള്ളതാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും ഗുണ്ടകളെ അമർച്ച ചെയ്യുന്നതിനും മയക്കുമരുന്നിന്റെ ദുരുപയോഗത്തിൽ നിന്നും യുവതലമുറയെ രക്ഷിക്കുന്നതിനും കേരള പോലീസ് നടത്തിയ പരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കേരളത്തെ വർഗ്ഗീയ ലഹളകളുടെ കേന്ദ്രമാക്കി മാറ്റാനുള്ള ശ്രമങ്ങളെ തടയാനും സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഒരുക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. എം. എം. മണി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയെ നവീകരിക്കുന്നതിനുവേണ്ടി സർക്കാർ നടത്തുന്ന ശ്രമങ്ങളെ അഭിനന്ദിക്കുന്നു. ക്രിമിനൽ സ്വഭാവമുള്ള പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകവഴി പോലീസ് സേനയുടെ യശസ്സ് ഉയരുന്നതാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് ക്രമസമാധാനനില

മെച്ചപ്പെട്ട നിലയിലാണുള്ളത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ കൃത്രിമം കാണിച്ചവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ഗവൺമെന്റിന്റെ ക്ഷേമപ്രവർത്തനങ്ങളെ പ്രതിപക്ഷം ഇകഴ്ത്തിക്കാണിക്കാൻ ശ്രമിക്കുന്നത് അപലപനീയമാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് പോലീസ് സേനയിൽ ക്രിമിനലുകളുടെ എണ്ണം വർദ്ധിക്കുന്നതും പോലീസ്-ഗുണ്ടാ ബന്ധവും ഭയാനകമായ സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. പോലീസും രാഷ്ട്രീയനേതൃത്വവും ഗുണ്ടാ മാഫിയകൾക്ക് സംരക്ഷണം നൽകുന്നതിന്റെ ഫലമായി സ്ത്രീകൾക്ക് രാത്രിയിൽ പുറത്തിറങ്ങാൻ കഴിയുന്നില്ല. ലഹരി മാഫിയയ്ക്കെതിരെ പോലീസിന് നടപടി സ്വീകരിക്കാൻ സാധിക്കാത്തത് അപമാനകരമാണ്. കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ സംസ്ഥാനം ഒന്നാം സ്ഥാനത്താണെന്നിരിക്കെ അത് തടയുന്നതിന് യാതൊരുവിധ നടപടിയും സ്വീകരിക്കുന്നില്ല. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി കർശന ശിക്ഷാനടപടികൾ സ്വീകരിക്കണം. ലൈഫ് മിഷൻ കേസ് അട്ടിമറിക്കാനുള്ള ശ്രമം അപലപനീയമാണ്. ജനകീയ സമരങ്ങളോടുള്ള സർക്കാരിന്റെ നിഷേധാത്മകമായ സമീപനം അവസാനിപ്പിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്ത് ക്രമസമാധാനം നിലനിർത്താൻ ആഭ്യന്തര വകുപ്പിന് സാധിച്ചിട്ടുണ്ട്. ഊർജ്ജസ്വലതയും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുമുള്ള യുവതയുടെ സാന്നിദ്ധ്യം പോലീസ് സേനയെ രാജ്യത്തെ മികച്ച സേനയാക്കി മാറ്റാൻ സാധിച്ചു. സാങ്കേതിക വിദ്യകളിൽ പരിജ്ഞാനം നേടിയ വനിതകളുൾപ്പെടെയുള്ള സേനാംഗങ്ങളുടെ സേവനം വർദ്ധിച്ചുവരുന്ന ഡിജിറ്റൽ തട്ടിപ്പ് തടയുന്നതിന് സഹായകരമായി. ഡാർക്ക് വെബിലൂടെ നടക്കുന്ന സാമ്പത്തിക കുറ്റകൃത്യങ്ങളുൾപ്പെടെ കണ്ടെത്താനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്താനും സൈബർ വിഭാഗം മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പൊതുസ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും ജനമൈത്രി പോലീസ് സംവിധാനം ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി പ്രാദേശിക ജനകീയ വിഷയങ്ങളിൽ വികേന്ദ്രീകൃത പോലീസ് സംവിധാനം ഫലപ്രദമായി നടപ്പാക്കിവരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെയും ജനമൈത്രി പോലീസ് സംവിധാനത്തിലൂടെയും വാഹന -

കാൽനട യാത്രക്കാർക്ക് റോഡ് സുരക്ഷ സംബന്ധിച്ച് കൃത്യമായ അവബോധം നൽകുന്നുണ്ട്. ഓപ്പറേഷൻ ശുഭയാത്ര പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി വാഹനാപകട നിരക്ക് കുറയ്ക്കാൻ സാധിച്ചു. പോലീസിന്റെ ആധുനികവത്കരണത്തിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന പോലീസ് സ്റ്റേഷനുകൾ, രണ്ട് സൈബർ പോലീസ് സ്റ്റേഷനുകൾ, രണ്ട് വനിതാ പോലീസ് സ്റ്റേഷനുകൾ, ജില്ലാ പോലീസ് ഓഫീസ് കെട്ടിടം എന്നിവയുടെ നിർമ്മാണത്തിനായി ഭരണാനുമതി നൽകുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ജില്ലാ കൺട്രോൾ റൂമുകൾ, തിരുവനന്തപുരത്ത് സൈബർ സെക്യൂരിറ്റി സെന്റർ എന്നിവയുള്ള കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിലെയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സൈബർ ഡോമുകളിലെയും സൈബർ കുറ്റാന്വേഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് 4.6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പോലീസിന്റെ കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി ഇൻസർവ്വീസ് പരിശീലനം നൽകിവരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (നിർമ്മിത ബുദ്ധി) പ്രോജക്ട് ആരംഭിക്കുന്നതുവഴി കേസന്വേഷണം ഫലപ്രദമാക്കാനും പഴുതില്ലാതെ

കുറ്റപത്രം തയ്യാറാക്കാനും സാധിക്കുന്നതാണ്. എല്ലാ ജില്ലകളിലും 'നാഷണൽ എമർജൻസി റെസ്പോൺസ് സിസ്റ്റം' ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് 112 എന്ന നമ്പർ മുഖേന വേഗത്തിൽ പോലീസ് സഹായം ഉറപ്പുവരുത്താൻ കഴിയുന്നതാണ്. സി.സി.ടി.എൻ.എസ്. സംവിധാനം എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഒരേ രീതിയിലുള്ള കുറ്റവാളികളെയും കുറ്റങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം (ICOPS) എന്ന പൊതുവായ സോഫ്റ്റ്‌വെയറിന്റെ കീഴിൽ കൊണ്ടുവരുന്നതുവഴി ഒരു കുറ്റവാളിയുടെ തൽസ്ഥിതി സംബന്ധിച്ച് അറിയാനും അവരെ മോണിറ്റർ ചെയ്യാനും സാധിക്കും. ഏകീകൃത മൊബൈൽ ആപ്ലിക്കേഷനായ MI-COPS പോലീസ് സംവിധാനത്തിൽ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് ജില്ലകളിൽ Cyber Dome സ്ഥാപിച്ചിട്ടുണ്ട്. പോലീസ് സേവനങ്ങൾ ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കാനായി 'THUNA' പോർട്ടലും ടി സേവനങ്ങൾ മൊബൈൽ ഫോണുകളിൽ ലഭ്യമാക്കുന്നതിനായി ഒരു സംയോജിത മൊബൈൽ ആപ്ലിക്കേഷനായ POL-APP-ഉം ആരംഭിച്ചിട്ടുണ്ട്. സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു പ്രത്യേക സാമ്പത്തിക കുറ്റകൃത്യവിഭാഗം ക്രൈംബ്രാഞ്ചിനുകീഴിൽ ആരംഭിച്ചിട്ടുണ്ട്.

റൂറൽ പോലീസ് ജില്ലകൾക്കായി സ്പെഷ്യൽ ബ്രാഞ്ചിന്റെ പ്രത്യേക ഡിറ്റാച്ച്മെന്റ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. ഗുണ്ടാ സംഘങ്ങളെയും മാഫിയ സംഘങ്ങളെയും അമർച്ച ചെയ്യാനായി 'ഓപ്പറേഷൻ കാവൽ' എന്ന പദ്ധതി നടപ്പാക്കുകയും 'കാപ്പ' നിയമപ്രകാരം 387 പേരെ നാടുകടത്തുകയും ചെയ്തിട്ടുണ്ട്. പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരവും 'അഴിമതിയില്ലാത്ത പോലീസ് സേന' എന്ന ബഹുമതിയും ദേശീയ ഇ-ഗവേണൻസ് അവാർഡും കേരള പോലീസിന് ലഭിച്ചിട്ടുണ്ട്. പോക്സോ കേസുകളിൽ അതിവേഗ വിചാരണയും ശിക്ഷയും ഉറപ്പുവരുത്താനായി 56 പ്രത്യേക പോക്സോ കോടതികൾ അനുവദിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിന് ടോൾഫ്രീ നമ്പറും വാട്ട്സ്ആപ്പ് സംവിധാനവും ഇ-പെറ്റീഷൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വിജിലൻസിന്റെ സോഷ്യൽ മീഡിയ വെബ്സൈറ്റ് ആധുനികവത്കരിക്കുകയും പ്രോസിക്യൂഷൻ നടപടികൾ കാര്യക്ഷമമാക്കുന്നതിനായി നാല് ലീഗൽ അഡ്വൈസർ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മാധ്യമമേഖലയിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി വിപുലീകരിക്കുന്നതിന് പ്രത്യേക പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതാണ്. വിവിധ വകുപ്പുകളുടെ

ബോധവത്ക്കരണ പ്രചാരണ പരിപാടികളെ കോർത്തിണക്കാനും കാര്യക്ഷമമാക്കാനും ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് അടുത്ത സാമ്പത്തിക വർഷം മുതൽ പ്രത്യേക പദ്ധതി തയ്യാറാക്കുന്നതാണ്. പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി വകുപ്പിനെ സ്റ്റോർ പർച്ചേസ് വകുപ്പിനുകീഴിൽ കൊണ്ടുവന്ന് കാര്യക്ഷമമാക്കാനും ഗവൺമെന്റ് പ്രസ്സുകളുടെ പ്രവർത്തനം ആധുനികവത്കരിക്കാനും ഫയർ ആന്റ് സേഫ്റ്റി സയൻസിൽ ബിരുദാനന്തര ബിരുദ ഗവേഷണ കേന്ദ്രം ആരംഭിക്കാനും നടപടി സ്വീകരിച്ചു. ജയിലുകളെ തിരുത്തൽ കേന്ദ്രങ്ങളാക്കി മാറ്റി കുറ്റവാളികളെ നേർവഴിക്ക് നയിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിച്ചു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയും ശബ്ദവോട്ടോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 2.58 -ന് പിരിഞ്ഞു.

*********